# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

എം.എഡ് (2015- അഡ്മിഷൻ - സി.ബി.സി.എസ്.എസ്) പ്രൊവിഷണൽ - ബിരുദ സർട്ടിഫിക്കറ്റിൽ സ്പെഷലൈസേഷൻ ഉൾപ്പെടുത്താനുള്ള ശുപാർശ - അംഗീകരിച്ച് ഉത്തരവാകുന്നു

---

അക്കാദമിക് വിഭാഗം എ XII സെക്ഷൻ

നം. 443/എസി.എ XII/2/എം.എഡ്/2018 തീയതി, പി.ഡി.ഹിൽസ്, 12.01.2018

---

## ഉത്തരവ്

2015-ൽ നിലവിൽ വന്ന എം.എഡ് പരീക്ഷാ റഗുലേഷൻ പ്രകാരം കോഴ്സിന്റെ പ്രധാന വിഷയത്തിന്റെയും ഉപവിഷയങ്ങളുടെയും പേരുകളിൽ മാറ്റം വന്നിട്ടുണ്ട്. 2015-ന് മുൻപുള്ള പഴയ റഗുലേഷനിൽ Core course, Complementary Elective course എന്നു രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാനത്ത് പുതിയ റഗുലേഷനിൽ വ്യക്തമായി രേഖപ്പെടുത്തലുകൾ ഇല്ല. ആയതിനാൽ Core course ന്റെ സ്ഥാനത്ത് പുതിയ റഗുലേഷനിൽ നിർദ്ദേശിക്കുന്ന പ്രകാരം optional subject എന്നും Complementary Elective course എന്നതിനു പകരം Specialization course എന്നും രേഖപ്പെടുത്തുന്നതാണെന്നും ടാബുലേഷൻ സെക്ഷൻ ശുപാർശ നൽകിയിരുന്നു.

മേൽ പറഞ്ഞ വിഷയത്തിൽ ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യുക്കേഷന്റെ അഭിപ്രായം തേടുകയും അദ്ദേഹം എം.എഡ് (2015- അഡ്മിഷൻ) പ്രൊവിഷണൽ ബിരുദ സർട്ടിഫിക്കറ്റിൽ കോർ കോഴ്സ്, കോംപ്ലിമെന്ററി കോഴ്സ് - എന്നതിനു പകരം സ്പെഷലൈസേഷൻ എന്ന് ചേർക്കാമെന്ന് ശുപാർശ ചെയ്തു.

എം.എഡ് (2015- അഡ്മിഷൻ - സി.ബി.സി.എസ്.എസ് ദ്വിവത്സരം) പ്രൊവിഷണൽ ബിരുദ സർട്ടിഫിക്കറ്റുകളിൽ കോർ കോഴ്സ്, കോംപ്ലിമെന്ററി കോഴ്സ് - എന്നതിനു പകരം സ്പെഷലൈസേഷൻ എന്ന് ചേർക്കാമെന്ന ശുപാർശ പരിഗണിച്ച വൈസ് ചാൻസിലർ, 1985 ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം (3) വകുപ്പ് 10(17) പ്രകാരം അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി പ്രസ്തുത ശുപാർശ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഒപ്പ്
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ/ പ്രോ-വൈസ് ചാൻസിലറുടെ പി.എസ്മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എമാർ
3. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ എഡ്യുക്കേഷൻ
4. ജെ.ആർ /ഡി.ആർ (അക്കാദമിക്/പരീക്ഷ)
5. എസി.സി/എസി.എൽ സെക്ഷനുകൾ
6. ഇ.ഐ VI/ഇ.ബി XII/സീറ്റെക്സ് സെക്ഷൻ
7. കണ്ടന്റ് മാനേജ്മെന്റ്/പി.ആർ.ഒ സെക്ഷൻ/ഇൻഫർമേഷൻ സെക്ഷൻ
8. റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ